# 70th Anniversary of the Establishment of Diplomatic Relations between India and China

April 01, 2020

---

## ഇന്ത്യ ചൈന നയതന്ത്ര ബന്ധങ്ങൾ സ്ഥാപിച്ചതിന്റെ 70 മത് വാർഷികം

എപ്രിൽ 01, 2020

ഇന്ത്യയും ചൈനയും തമ്മിൽ നയതന്ത്ര ബന്ധങ്ങൾ സ്ഥാപിച്ചതിന്റെ 70 മത് വാർഷികമായ 2020 എപ്രിൽ 1 ന് ഇന്ത്യയിലെയും ചൈനയിലെയും രാഷ്ട്രപതിമാർ, പ്രധാനമന്ത്രിമാർ കൂടാതെ വിദേശകാര്യ മന്ത്രിമാർ എന്നിവർ ആശംസാ സന്ദേശങ്ങൾ കൈമാറി.

2. ചൈനീസ് രാഷ്ട്രപതി സി ജിൻപിങ്ങിനുള്ള തന്റെ കത്തിൽ രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ് ചൈനയിലെ സർക്കാരിനും ചൈനീസ് ജനതയ്ക്കും അഭിവാദ്യങ്ങളും ആശംസകളും അറിയിക്കുകയുണ്ടായി, കൂടാതെ രാഷ്ട്രീയം,സാമ്പത്തികം വ്യക്തിഗത ബന്ധങ്ങൾ എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ പരസ്പരമുള്ള ഇടപെടലുകൾ വിപുലീകരിച്ചുകൊണ്ട് രണ്ടു രാജ്യങ്ങളിലും കഴിഞ്ഞ ഏതാണ് വർഷങ്ങളായി ഗണ്യമായ പുരോഗമനം നേടിയിട്ടുണ്ടെന്നും അദ്ദേഹം നിരീക്ഷിച്ചു.

3. ചൈനീസ് പ്രീമിയർ ലി കേകിയങ്ങിനുള്ള പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ഇപ്രകാരമാണ് പരാമർശിച്ചത്. 'ഇന്ത്യയും ചൈനയും പരമ്പരാഗത സംസ്കാരങ്ങൾ ഉള്ള, നൂറ്റാണ്ടുകളായി പരസ്പരം ഉപകാരപ്രദമായ കൈമാറ്റങ്ങൾ ഉള്ള രണ്ടു ജനതയാണ് . ഇന്ന് നമ്മൾ ആഗോള സാമ്പത്തിക തലത്തിൽ തന്നെ പ്രാധാന്യമുള്ള വികസിച്ചു വരുന്ന രണ്ടുരാജ്യങ്ങളും ഉയർന്നു വരുന്ന രണ്ടു സമ്പത് ഘടനകളുമാണ് '. അതിനാൽ തന്നെ അത് കൊണ്ട് തന്നെ ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിലുള്ള നല്ല ബന്ധം കട്ട് സൂക്ഷിക്കുന്നത് അതാതു രാജ്യങ്ങൾക്കും മാത്രമല്ല ഈ ഓപ്രേപ്രദേശത്തെ മൊത്തത്തിലുള്ള ശാന്തി,സർമൃദ്ധി സ്ഥിരത എന്നിവയ്ക്ക് ആവശ്യമാണ്. ഇന്നത്തെ നമ്മുടെ ലോകത്ത് പരസ്പരബന്ധിതമായ അവസ്ഥയും ഇതിനെതിരെ ലോകവ്യാപകമായ പ്രതിരോധവും ആവശ്യമാണെന്ന് കോവിഡ് -19 നമ്മളെ ഓർമിപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി കുറിച്ചു കൂടാതെ വരും വർഷങ്ങളിൽ വികസനാത്മകമായ പങ്കാളിത്തം പുതിയ തലങ്ങളിലേക്ക് എത്തുന്ന രീതിയിൽ ചൈനീസ് പ്രീമിയറുമായി സഹകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

4. കഴിഞ്ഞ ഏഴു പതിറ്റാണ്ടുകളായി ഇന്ത്യ -ചൈന ബന്ധം വികസിച്ചിരിക്കുന്നുവെന്നും പലതലങ്ങളിലേക്കും മേഖലകളിലേക്കും വ്യാപിച്ചിരിക്കുന്നുവെന്നും ചൈനീസ് വിദേശ കാര്യ മന്ത്രി വാങ് യി യ്ക്കുള്ള കത്തിൽ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ രേഖപ്പെടുത്തി. കോവിഡ്-19 പകർച്ച വ്യാധി മുഖേനെ ഇരു വിഭാഗങ്ങളും മുൻ കൂട്ടി ആസൂത്രണം ചെയ്ത രീതിയിൽ ഈ ചരിത്രപരമായ വാർഷികം ആഘോഷിക്കാൻ കഴിഞ്ഞില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു, എന്നിരുന്നാലും വരുന്ന മാസങ്ങളിലും

സഹകരണത്തോടെ പ്രവർത്തിക്കുകയും നമ്മളും ലോകവും കോവിഡ് -19 എന്ന പകർച്ചവ്യാധിയെ കീഴടക്കുന്ന സമയത്ത് ഈ നാഴികക്കല്ല്, അതിന്റെ പ്രാധാന്യവും ഇരു രാജ്യത്തെ ജനങ്ങളുടെ പൊതുവായ താല്പര്യവും അനുസരിച്ചു ആഘോഷിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

5.കോവിഡ്-19 പകർച്ച വ്യാധി പടർന്നു പിടിച്ചത് മൂലം, നയതന്ത്ര ബന്ധങ്ങളുടെ 70 മത് വാർഷികം ആഘോഷിക്കുന്നതിന് ഇന്ത്യയും ചൈനയും ചേർന്ന് ആസൂത്രമാ ചെയ്ത പല പ്രവർത്തങ്ങളും പൂർത്തിയാക്കാൻ കഴിയാതെ പോയിരിക്കുന്നു. ഇരു രാജ്യങ്ങളും കോവിഡ്-19 മൂലമുണ്ടായ പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് പരിശ്രമങ്ങൾ തുടർന്ന് കൊണ്ടിരിക്കുന്നു, എന്നാൽ ഈ ചാരിതാപരമായ വാർഷികം അതിന്റെ പ്രധാനയവും ഇരു വിഭാഗങ്ങളും പൊതുവായ താല്പര്യങ്ങളും പ്രതിഫലിക്കുന്ന രീതിയിൽ നടത്തുന്നതിനുള്ള ചർച്ചകളും നടന്നു കൊണ്ടിരിക്കുന്നു. ഇരു വിഭാഗങ്ങളും ഈ ആഘോഷങ്ങളെ കുറിക്കുന്ന ഒരു ലോഗോ തയാറാക്കുന്നതിന് ഒരുമിച്ചു പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

**ന്യൂ ഡൽഹി**
**01 ഏപ്രിൽ , 2020**

**DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.**